**Deepika**

**27 July 2018**

**Idukki ; Mullaperiyar water rises**



# മുല്ലപ്പെരിയാറിൽ ജലനിരപ്പ് 136 അടിയിലേക്ക്

**കുമളി:** മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 136 അടിയിലേക്ക് എത്തുന്നു.

ഇന്നലെ വൈകുന്നേരം 135.8 അടിയായ ജലനിരപ്പ്. രാത്രിയോടെ 136 അടി പിന്നിടുമെന്നാണു സൂചന. തമിഴ്നാട് പൊതുമരാമത്ത് വകുപ്പ്, തേനി, ഇടുക്കി കളക്ടർമാർക്കു വിവരം നൽകിയിട്ടുണ്ട്.

138 അടിയിൽ ആദ്യത്തെ മുന്നറിയിപ്പും 140 അടിയിൽ രണ്ടാമത്തെ മുന്നറിയിപ്പും 141 അടിയിൽ മൂന്നാമത്തെ മുന്നറിയിപ്പും 142 അടിയിൽ അവസാന മുന്നറിയിപ്പുമാണ് നല്കുക.